**GOVERNMENT OF KERALA**

**Abstract**

Home Department - Police Establishment - Temporary redeployment/Reallocation of 86 Sub Inspector posts in the Closed Women Police Cadre into Kerala Civil Police cadre - Sanctioned - Orders issued.

**HOME (P) DEPARTMENT**

G.O.(Ms)No.70/2026/HOME Dated,Thiruvananthapuram, 12-03-2026

Read 1 G.O.(Ms) No. 240/2005/Home dated 12/08/2005

2 G.O. (Rt) No.1622/2008/Home dated 23.05.2008

3 Letters No.S1 (a)-176667/2023/PHQ dated 16.10.2023, 01.03.2024, 03.06.2024 and 02.05.2025 from the State Police Chief, Kerala, Thiruvananthapuram

4 Letter No. T1-OPKAT 352/2021/2026006830 dated 16.01.2026 from the Advocate General, Kerala

**ORDER**

As per Government Order read as 1st paper above, Government issued orders integrating women police officers with the regular police force with retrospective effect from 25.08.1995. Consequently, women police Officers who had entered service prior to 1995 continued as a "Closed Cadre." Upon the retirement of officers in this cadre, vacancies arose in the promotional posts. In this context, Government issued orders as per Government order read as 2nd paper above, integrating the posts in the said cadre into the General Pool (presently the Kerala Civil Police Cadre).

2. Women Police Officer Smt. Sunitha and others, who entered service during the period 1995-2005, had filed a case TA-2035/2012 (W.P(C) 30746/2005) before the Hon'ble Kerala Administrative Tribunal, challenging the retrospective effect of G.O.(Ms) No. 240/2005/Home dated 12/08/2005.

They contended that they were also eligible for promotion to the higher posts that were integrated into the Kerala Civil Police (KCP) from the closed cadre. By order dated 30-11-2018 in TA-2035/2012, the Kerala Administrative Tribunal set aside G.O.(Ms) No.240/2005/Home dated 12.08.2005 and G.O.(Rt)No.1622/2008/Home dated 23.05.2008. The final order in OP (KAT) No. 352/2021 filed by the Government against the said order of the Hon'ble Tribunal has not yet been pronounced by the Hon'ble High Court.

3. There is a significant shortfall of Officers in the Kerala Civil Police cadre now. As the posts of Police Sub-Inspector are essential for the effective functioning of the force, the State Police Chief has proposed the integration of 86 vacant posts of Women Sub-Inspectors from the closed cadre into the Kerala Civil Police as per letters read as 3rd paper above. The State Police Chief has further reported that no women Police Officers recruited prior to 1995 are presently serving in the ranks of Head Constable or Police Constable. Additionally, the existing women officers holding the posts of Sub-Inspector, Inspector of Police, and Deputy Superintendent of Police are due to retire in the coming years.

4. Government had issued orders integrating Women Police Cadre with Kerala Civil Police Cadre (KCP) in 2005. Simultaneously, it was ordered by the Government that the available 86 posts in the Women police cadre would be provided for/created by way of transfer of the manpower strength in the integrated cadre. It is amply clear that till date these 86 posts have not been created in KCP and accordingly there is no recruitment to these posts. The State Police Chief has specifically requested for creation of these posts to man the essential positions in the strength of the department.

5. In light of the fact that the Government Orders abolishing the Women Police Cadre were set aside by the Hon'ble Kerala Administrative Tribunal, these 86 posts presently remain available for appointment. The Advocate General has informed as per letter read as 4th above that OP (KAT) No.

352/2021 is pending before the Hon'ble High Court, and no final judgment has been delivered so far.

6. There is an acute shortage of directly recruited Sub Inspectors in the Kerala Civil Police(KCP) cadre now. Hence, in order to mitigate the shortage of directly recruited SIs and considering the exigencies of service in various wing of KCP Cadre, the need of the hour is to create an equal number of posts of SIs in the KCP cadre by abolishing the 86 vacant posts of WSIs in the closed cadre, subject to the outcome of the OP(KAT) 352/2021 pending before the Hon'ble High Court of Kerala.

7. In view of the above circumstances, Government have examined the matter in detail and are pleased to temporarily redeploy/re-allocate **86** Sub Inspector posts in the closed women's cadre to the Kerala Civil Police cadre subject to the following conditions:-

i) The vacancies shall be reported to the Public Service Commission provisionally, subject to the final judgment of the Hon'ble High Court in O.P.(KAT) No. 352/2021.

ii) Appointments to these posts shall be made only subject to the final judgment of the Hon'ble High Court in the said case.

iii) A specific condition shall be incorporated in the appointment orders stating that, in the event the judgment of the Hon'ble High Court in O.P.(KAT) No. 352/2021 is adverse to the Government, the appointments so made shall stand liable to cancellation.

iv) Promotions arising in the said posts through redeployment shall also be effected only subject to the final judgment of the Hon'ble High Court in O.P.(KAT) No. 352/2021.

(By order of the Governor)
BISHWANATH SINHA
ADDITIONAL CHIEF SECRETARY

The State Police Chief, Kerala, Thiruvananthapuram
The Advocate General, Kerala (with C/L)
Finance Department (Vide U.O.(R) Exp-A4/690/2023/Fin dated 15.01.2025)

Law Department (Vide UO(R)ST-II/42/2026/Law dated 16.02.2026)
The Principal Accountant General (A&E/Audit), Kerala, Thiruvananthapuram
Secretary, Kerala Public Service Commission (with C/L)
General Administration (SC) Department (Vide item No. 3854)
Information and Public Relations (Web and New Media) Department (for publishing in the official website)
The Stock File/Office Copy

Forwarded /By order
Signed by
Anitha. S. R
Date: 12-03-2026 17:14:26
Section Officer

Copy to :-
PS to Hon. Chief Minister

രഹസ്യം

# കേരള സർക്കാർ

## മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

**തീയതി : 10-03-2026**

ഫയൽ നം. പി4/152/2023/ആഭ്യന്തരം.

ഇനം നം: 3854

വിഷയം : ആഭ്യന്തര വകുപ്പ് - ക്ലോസ്ഡ് വനിതാ പോലീസ് കേഡറിലെ 86 സബ് ഇൻസ്പെക്ടർ തസ്തികകൾ താൽക്കാലികമായി പുനർവിന്യാസം ചെയ്ത് (Temporary redeployment/Re-allocation) കേരള സിവിൽ പോലീസ് കേഡറിലേയ്ക്ക് മാറ്റുന്നത്.

തീരുമാനം : ബഹു. ഹൈക്കോടതിയുടെ അന്തിമവിധിക്ക് വിധേയമായി കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

അഡീഷണൽ ചീഫ് സെക്രട്ടറി, ആഭ്യന്തര വകുപ്പ്.

12/3

| GOVERNMENT OF KERALA<br>(SHRI.PINARAYI VIJAYAN MINISTRY)<br>NOTE FOR COUNCIL OF MINISTERS | | |
|---|---|---|
| 1 | File Number | P4/152/2023-HOME |
| 2 | Department | Home (P) Department |
| 3 | Subject | Temporary redeployment/Re-allocation of 86 Sub-Inspector posts in the Closed Women Police Cadre into the Kerala Civil Police Cadre.-regarding |
| 4 | Date of Chief Minister's order for placing before the Council | 20/02/2026 |
| 5 | (i) Does the case involve financial commitments/implications | Yes |
| | (ii) If the answer to the above is in the affirmative, whether Finance Department has been consulted and their remarks incorporated in the Council Note | Yes |
| 6 | Are any other Departments concerned with the case and if so, have they been consulted and their remarks incorporated in the Note for the Council | ~~No~~ Yes |
| 7 | Name of Joint Secretary who submitted the Draft Note | Sangeetha T.S |
| 8 | Name of Additional Chief Secretary who approved the Draft Note | Bishwanath Sinha |
| 9 | Date of Approval of the Draft Note for the Council by the Additional Chief Secretary | 02/3/26 |
| 10 | Name of Chief Secretary who approved the Draft Note | Dr. A. Jayathilak |
| 11 | Date of approval of the Draft Note for the Council by the Chief Secretary | 2-3-26 |
| 12 | Name of Minister who approved the Draft Note | Pinarayi Vijayan |
| 13 | Date of approval of the Draft Note for the Council by the Minister | 4.3.26 |
| 14 | Date of submission of fair copies | 4.3.26 |
| 15 | Date of decision by the Council of Ministers | |
| 16 | Number and Date of the G.O./ letter communicating the decision. | |

## DRAFT NOTE FOR COUNCIL OF MINISTERS

This note is regarding the temporary redeployment/Re-allocation of 86 Sub-Inspector posts in the Closed Women Police Cadre into the Kerala Civil Police Cadre.

2. As per G.O.(Ms) No. 240/2005/Home dated 12/08/2005, Government issued orders integrating women police officers with the regular police force with retrospective effect from 25.08.1995.

3. Consequently, women police Officers who had entered service prior to 1995 continued as a "Closed Cadre." Upon the retirement of officers in this cadre, vacancies arose in the promotional posts. In this context, Government issued orders vide G.O. (Rt) No.1622/2008/Home dated 23.05.2008, integrating the posts in the said cadre into the General Pool (presently the Kerala Civil Police Cadre).

4. Women Police Officer Smt. Sunitha and others, who entered service during the period 1995-2005, have filed a case TA-2035/2012 (W.P(C) 30746/2005) before the Hon'ble Kerala Administrative Tribunal, challenging the retrospective effect of the order dated 12-08-2005. They contended that they were also eligible for promotion to the higher posts that were integrated into the Kerala Civil Police (KCP) from the closed cadre. By order dated 30-11-2018, the Kerala Administrative Tribunal set aside G.O(Ms) No.240/2005/Home dated

12.08.2005 and G.O.(Rt)No.1622/2008/Home dated 23.05.2008. The final order in OP (KAT) No. 352/2021 filed by the Government against the said order of the Hon'ble Court has not yet been pronounced by the Hon'ble Court.

5. There is a significant shortfall of Officers in the Kerala Civil Police cadre now. Due to the prevailing constraints, the creation of new posts is not feasible at this stage. However, as the posts of Police Sub-Inspector are essential for the effective functioning of the force, the State Police Chief has proposed the integration of 86 vacant posts of Women Sub-Inspectors from the closed cadre into the Kerala Civil Police. The State Police Chief has further reported that no women Police Officers recruited prior to 1995 are presently serving in the ranks of Head Constable or Police Constable. Additionally, the existing women officers holding the posts of Sub-Inspector, Inspector of Police, and Deputy Superintendent of Police are due to retire in the coming years.

6. Regarding the matter, the Finance Department opined as follows:-

"AD is informed that the proposal for creation of posts in KCP in lieu of the WSI posts in the closed cadre cannot be agreed due to the double reason that the impugned order pending to be implemented for want of final verdict in OP(KAT) is that all the WPCs recruited in the Battalion before 12.08.2005 (the date of integration order of Women Police) are entitled to be considered for promotion/transfer to the post of women police existing as on that day, and the other reason that Finance Department's inability to concur with new post creation is the new expenditure on account of post creation and on that

account conversion of long vacant posts to new posts and making appointment to such new posts will have the same effect of new post creation. In order to obviate such practices Finance Department have issued GO(P)No.1208/2001/Fin dated, 22.10.2001 (attached below) which prescribes that the posts vacant more than one year shall be deemed as abolished."

7. In the above matter, the Personal and Administrative Reforms Department has opined as follows:-

*"കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 5 (a) പ്രകാരം നേരിട്ടുള്ള നിയമനം പെർമനന്റ് കേഡറിലുണ്ടാകുന്ന സബ്സ്റ്റാന്റീവ് ഒഴിവുകളിലാണ് നടത്താനാകുന്നത്. ഈ കേസിൽ റിപ്പോർട്ട് ചെയ്യാനുദ്ദേശിക്കുന്ന ഒഴിവുകൾ പെർമനന്റ് കേഡറിലേയ്ക്ക് ഉൾപ്പെടുത്തുന്നതിൽ തീരുമാനമായിട്ടില്ല. കൂടാതെ, ഒഴിവുകൾ പ്രൊവിഷണലായി പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യമുണ്ടാകുന്നത് ബഹു. ട്രൈബ്യൂണൽ/ബഹു. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്. ഈ കേസിൽ അത്തരം ഉത്തരവുകളുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം, ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള OP(KAT)No-352/2021-ലെ തീരുമാനമനുസരിച്ച് ഈ വിഷയം പരിഗണിക്കുന്നതാണ് ഉചിതമെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."*

8. It is noted that Government had issued orders integrating Women Police Cadre with Kerala Civil Police Cadre (KCP) in 2005. Simultaneously, it was ordered by the Government that the available 86 posts in the Women cadre would be provided for/created by way of transfer of the manpower strength in the integrated cadre. It is amply clear that till date these 86 posts have not been created in KCP and accordingly there is no recruitment to these posts. The State

Police Chief has specifically requested for creation of these posts to man the essential positions in the strength of the department.

9. In light of the fact that the Government Orders abolishing the Women Police Cadre were set aside by the Hon'ble Kerala Administrative Tribunal, these 86 posts presently remain available for appointment. If the final order in OP (KAT) No. 352/2021 is decided in favour of the Government, the said 86 posts in the closed cadre shall automatically stand merged with the Kerala Civil Police Cadre.

10. The matter of whether the Government Order No. G.O.(Ms) No.240/2005/Home dated 12/08/2005, by which officers of the Closed Women Cadre were integrated into the Police Force with retrospective effect from 25.08.1995, and the Government Order No. G.O.(Rt) No.1622/2008/Home dated 23-05-2008, by which the posts in the Closed Women Cadre were integrated into the General Pool (presently the Kerala Civil Police Cadre), could be cancelled, and whether the 86 Sub Inspector posts in the Closed Women Cadre could be integrated into the Kerala Civil Police Cadre by overruling the opinion of the Finance Department, was placed before the Council of Ministers in its meeting held on 18-06-2025 as per the direction of the Hon'ble Chief Minister, the Council of Ministers took the following decision:

> "ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള അപ്പീലിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കി, നിയമവകുപ്പുമായി കൂടിയാലോചിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്" എന്ന് 18-06-2025 തീയതിയിലെ മന്ത്രിസഭായോഗത്തിൽ തീരുമാനിച്ചു"

11. The Advocate General has now informed that OP (KAT) No. 352/2021, which is pending before the Hon'ble High Court, was considered on 04.02.2026 and no final judgment has been delivered so far. Based on the decision of the Council of Ministers dated 18.06.2025, the Law Department has conveyed the following opinion:

*"ബഹു.ഹൈക്കോടതിയിൽ OP(KAT)No-352/2021 നിലനിൽക്കുന്ന സാഹചര്യത്തിൽ ക്ലോസ്ഡ് വനിതാ പോലീസ് കേഡറിലെ തസ്തികകൾ കേരള സിവിൽ പോലീസ് കേഡറിലേക്ക് സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിയമോപദേശമാണ് ഭരണവകുപ്പ് തേടിയിരിക്കുന്നത്*

*കേരള പോലീസ് സേനയിലെ വനിതാ കേഡറിനെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗവുമായി സംയോജിപ്പിച്ചുകൊണ്ട് 12.08.2005-ൽ സർക്കാർ ഉത്തരവ് (G.O. (Ms) No. 240/2005/Home) പുറപ്പെടുവിച്ചു. 25.08.1995 മുതൽ ഇതിന് മുൻകാല പ്രാബല്യം നൽകുകയും, അതിനുമുമ്പ് നിയമിക്കപ്പെട്ടവരെ 'ക്ലോസ്ഡ് കേഡറിൽ' നിലനിർത്തുകയും ചെയ്തു. തുടർന്ന് 2008-ൽ ഈ കേഡറിലെ തസ്തികകൾ ഒഴിവു വരുന്ന മുറയ്ക്ക് ജനറൽ പൂളിലേക്ക് മാറ്റാൻ തീരുമാനിച്ചു. എന്നാൽ, ഈ മുൻകാല പ്രാബല്യം തങ്ങളുടെ പ്രമോഷൻ സാധ്യതകളെ ബാധിക്കുമെന്ന് കാട്ടി ശ്രീമതി സുനിത എം.കെ. ഉൾപ്പെടെയുള്ളവർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ച ക്ലോസ്ഡ് കേഡറിൽ നിന്നും കെ.സി.പി യിലേക്ക് സംയോജിപ്പിക്കുന്ന ഉയർന്ന തസ്തികകളിൽ തങ്ങൾക്കും സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതായി ഇവർ വാദം ഉന്നയിച്ചു (TA No. 2035/2012).*

*30.11.2018-ലെ വിധിയിലൂടെ ട്രൈബ്യൂണൽ സർക്കാരിന്റെ മുൻകാല പ്രാബല്യമുള്ള ഉത്തരവ് റദ്ദാക്കി. സർക്കാരിന്റെ നയപരമായ തീരുമാനങ്ങളിൽ കോടതി സാധാരണ ഇടപെടാറില്ലെങ്കിലും, അത്തരം തീരുമാനങ്ങൾ ഭരണഘടനാ വിരുദ്ധമാകാൻ പാടില്ലെന്ന് ട്രൈബ്യൂണൽ നിരീക്ഷിച്ചു. 12.08.2005-ന് മുമ്പ് നിയമിതരായവർക്ക് അന്നത്തെ തസ്തികകളിൽ പ്രമോഷനും ട്രാൻസ്ഫറിനും അവകാശമുണ്ടെന്ന് ട്രൈബ്യൂണൽ പ്രഖ്യാപിച്ചു*

*കേരള സിവിൽ പോലീസ് കേഡറിൽ ആവശ്യമായ ഉദ്യോഗസ്ഥർ ഇല്ലെന്നും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ ധനകാര്യ വകുപ്പ് അനുമതി*

നൽകുന്നില്ലെന്നും പോലീസ് സബ് ഇൻസ്പെക്ടർ തസ്തികകൾ അത്യന്താപേക്ഷിതമായതിനാൽ ക്ലോസ്ഡ് കേഡറിലെ ഒഴിഞ്ഞു കിടക്കുന്ന 85 സബ് ഇൻസ്പെക്ടർ തസ്തികകൾ കെ.സി.പി യിലേക്ക് സംയോജിപ്പിച്ചുകൊണ്ട് നിയമനം നടത്തുന്നത് സർക്കാർ പരിശോധിച്ചുവരികയാണെന്നും 1995-ന് മുമ്പ് റിക്രൂട്ട് ചെയ്യപ്പെട്ട വനിതാ പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ നിലവിൽ ഹെഡ് കോൺസ്റ്റബിൾ, പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഇല്ല എന്നുള്ള വിവരം സംസ്ഥാന പോലീസ് മേധാവി വ്യക്തമാക്കിയിട്ടുള്ളതും സബ് ഇൻസ്പെക്ടർ, ഇൻസ്പെക്ടർ, ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികകളിൽ നിലവിലുള്ള വനിതാ ഉദ്യാഗസ്ഥർ സമീപ വർഷങ്ങളിൽ റിട്ടയർ ചെയ്യുന്നതാണെന്നെതും കണക്കിലെടുത്ത് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹു. കേരള സർക്കാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.(OP(KAT)No-352/2021).

Union of India v. Hemraj Singh Chauhan (2010) 4 SCC 290 കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയതുപോലെ, പ്രമോഷനായി പരിഗണിക്കപ്പെടുക എന്നത് ആർട്ടിക്കിൾ 16 പ്രകാരമുള്ള മൗലികാവകാശമാണ്. നിലവിലുള്ള സേവന വ്യവസ്ഥകളെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ ഭരണപരമായ ഉത്തരവുകൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് നിയമപരമായി നിലനിൽക്കില്ല

ട്രൈബ്യൂണൽ വിധി ചോദ്യം ചെയ്തുകൊണ്ട് സർക്കാർ സമർപ്പിച്ച അപ്പീൽ (OP(KAT) No. 352/2021) ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. എന്നാൽ ഹൈക്കോടതി ട്രൈബ്യൂണൽ വിധി സ്റ്റേ ചെയ്തിട്ടില്ല, കോടതിയലക്ഷ്യ നടപടികൾ മാത്രമാണ് തടഞ്ഞിട്ടുള്ളത്. ഈ സാഹചര്യത്തിൽ, ക്ലോസ്ഡ് കേഡറിലെ 85 സബ് ഇൻസ്പെക്ടർ തസ്തികകൾ റദ്ദാക്കാതെ താൽക്കാലികമായി പുനർവിന്യാസം ചെയ്ത് (Temporary redeployment/Re-allocation) കെ.സി.പി.യിലേക്ക് മാറ്റുന്നത് നിയമപരമായ സുരക്ഷിതത്വം നൽകും. കൂടാതെ വനിത കേഡറിലെ റിട്ടയർമെന്റ് സംബന്ധിച്ച സ്റ്റേറ്റ് പോലീസ് മേധാവിയുടെ റിപ്പോർട്ട് കോടതിയുടെ ശ്രദ്ധയിൽ പെടുത്തുന്നത് സർക്കാരിന് അനുകൂലമായ വിധി സമ്പാദിക്കാൻ സഹായിക്കും.

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം, ഹൈക്കോടതിയിലെ അന്തിമ വിധിക്ക് വിധേയമായി (Subject to the final outcome of OP(KAT) No. 352/2021) മാത്രം ഈ

ഒഴിവുകൾ പ്രൊവിഷണലായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഈ തസ്തികകളിൽ നിയമനം നടത്തുമ്പോൾ, പ്രസ്തുത നിയമനം ഹൈക്കോടതി വിധിക്ക് വിധേയമായിരിക്കുമെന്നും വിധി സർക്കാരിന് എതിരാണെങ്കിൽ നിയമനം റദ്ദാക്കപ്പെടുമെന്നുമുള്ള നിബന്ധന നിയമന ഉത്തരവിൽ (Appointment Order) വ്യക്തമായി ഉൾപ്പെടുത്തണം. ഭരണപരമായ അനിവാര്യതയും (Administrative Exigency) പോലീസ് സേനയിലെ ഉദ്യോഗസ്ഥ ക്ഷാമവും പരിഗണിച്ച്, ഹൈക്കോടതിയിലെ കേസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കിക്കൊണ്ട് മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെ മാത്രം തുടർനടപടികൾ സ്വീകരിക്കുന്നതാണ് ഉചിതം എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

12. In the circumstances where the Law Department has opined that temporarily redeploying/re-allocating the 86 Sub Inspector posts in the closed cadre, without abolishing them, to the Kerala Civil Police (KCP) would provide legal safeguard, and that bringing to the notice of the Court the State Police Chief's report regarding retirements in the women cadre would help the Government secure a favourable judgment, and based on the Cabinet decision dated 18/06/2025, it was submitted to the Hon'ble Chief Minister for orders as to whether the matter of redeploying 86 Sub Inspector posts from the closed women cadre to the Kerala Civil Police cadre, subject to the conditions mentioned below, by overruling the views of the Finance Department, may be placed before the Council of Ministers for consideration, the Hon'ble Chief Minister has ordered to place the matter before the Council of Ministers.

i) The vacancies shall be reported to the Public Service Commission provisionally, subject to the final judgment of the Hon'ble High Court in O.P. (KAT) No. 352/2021.

ii) Appointments to these posts shall be made only subject to the final judgment of the Hon'ble High Court in the said case.

iii) A specific condition shall be incorporated in the appointment orders stating that, in the event the judgment of the Hon'ble High Court in O.P. (KAT) No. 352/2021 is adverse to the Government, the appointments so made shall stand liable to cancellation.

iv) Promotions arising in the said posts through redeployment shall also be effected only subject to the final judgment of the Hon'ble High Court in O.P. (KAT) No. 352/2021.

13. When the file submitted with draft Cabinet note, Chief Secretary has remarked as follows:-

"8-06-2025 തീയതിയിലെ മന്ത്രിസഭായോഗത്തിൽ സമർപ്പിച്ചപ്പോൾ താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

***"ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള അപ്പീലിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കി, നിയമവകുപ്പുമായി കൂടിയാലോചിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്"*** .

ഇത് സംബന്ധിച്ച് നിയമ വകുപ്പ് നൽകിയിട്ടുള്ള അഭിപ്രായത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു

"ട്രൈബ്യൂണൽ വിധി ചോദ്യം ചെയ്തുകൊണ്ട് സർക്കാർ സമർപ്പിച്ച അപ്പീൽ (OP(KAT) No. 352/2021) ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. എന്നാൽ ഹൈക്കോടതി ട്രൈബ്യൂണൽ വിധി സ്റ്റേ ചെയ്തിട്ടില്ല, കോടതിയലക്ഷ്യ നടപടികൾ മാത്രമാണ് തടഞ്ഞിട്ടുള്ളത്. ഈ സാഹചര്യത്തിൽ, ക്ലോസ്ഡ് കേഡറിലെ 85 സബ് ഇൻസ്പെക്ടർ തസ്തികകൾ റദ്ദാക്കാതെ താൽക്കാലികമായി പുനർവിന്യാസം ചെയ്ത് (Temporary redeployment/Re-allocation) കെ.സി.പി.യിലേക്ക് മാറ്റുന്നത് നിയമപരമായ സുരക്ഷിതത്വം നൽകും. കൂടാതെ വനിത കേഡറിലെ റിട്ടയർമെന്റ്

സംബന്ധിച്ച സ്റ്റേറ്റ് പോലീസ് മേധാവിയുടെ റിപ്പോർട്ട് കോടതിയുടെ ശ്രദ്ധയിൽ പെടുത്തുന്നത് സർക്കാരിന് അനുകൂലമായ വിധി സമ്പാദിക്കാൻ സഹായിക്കും."

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം, ഹൈക്കോടതിയിലെ അന്തിമ വിധിക്ക് വിധേയമായി (Subject to the final outcome of OP(KAT) No. 352/2021) മാത്രം ഈ ഒഴിവുകൾ പ്രൊവിഷണലായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. **ഈ തസ്തികകളിൽ നിയമനം നടത്തുമ്പോൾ, പ്രസ്തുത നിയമനം ഹൈക്കോടതി വിധിക്ക് വിധേയമായിരിക്കുമെന്നും വിധി സർക്കാരിന് എതിരാണെങ്കിൽ നിയമനം റദ്ദാക്കപ്പെടുമെന്നുമുള്ള നിബന്ധന നിയമന ഉത്തരവിൽ (Appointment Order) വ്യക്തമായി ഉൾപ്പെടുത്തണം.** ഭരണപരമായ അനിവാര്യതയും (Administrative Exigency) പോലീസ് സേനയിലെ ഉദ്യോഗസ്ഥ ക്ഷാമവും പരിഗണിച്ച്, ഹൈക്കോടതിയിലെ കേസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കിക്കൊണ്ട് മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെ മാത്രം തുടർനടപടികൾ സ്വീകരിക്കുന്നതാണ് ഉചിതം എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

നിയമ വകുപ്പിന്റെ മേൽ അഭിപ്രായത്തിൽ നിന്നും ഈ ഒഴിവുകൾ പ്രൊവിഷണലായി മാത്രമേ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളു എന്ന് കാണുന്നു . ഈ തസ്തികകളിൽ നിയമനം നടത്തുമ്പോൾ, പ്രസ്തുത നിയമനം ഹൈക്കോടതി വിധിക്ക് വിധേയമായിരിക്കുമെന്നും വിധി സർക്കാരിന് എതിരാണെങ്കിൽ നിയമനം റദ്ദാക്കപ്പെടുമെന്നുമുള്ള നിബന്ധന നിയമന ഉത്തരവിൽ (Appointment Order) വ്യക്തമായി ഉൾപ്പെടുത്തണം എന്നും പറയുന്നുണ്ട്. PSC വഴിയുള്ള നിയമനമായതിനാൽ മേൽ നിബന്ധനകളോടെ നിയമന ഉത്തരവ് നല്കാൻ കഴിയുമോ എന്നതിൽ PSC യുടെ അഭിപ്രായം ലഭ്യമാക്കിയിട്ടില്ല . ഇത്തരത്തിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുകയും ഭാവിയിൽ റദ്ധാക്കപ്പെടുകയും ചെയ്താൽ സ്വീകരിക്കേണ്ട ബദൽ മാർഗ്ഗങ്ങളെ കുറിച്ച് കൂടി മന്ത്രിസഭാ യോഗം മുൻകൂട്ടി തീരുമാനിച്ചില്ലെങ്കിൽ കൂടുതൽ നിയമപ്രശ്നങ്ങൾക്കു ഇടയാക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തികൊണ്ടു മന്ത്രി സഭ യോഗത്തിനുള്ള കുറിപ്പ് ബഹു മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നു."

## POINT FOR DECISION

In the above circumstances, as per the decision of Council of Ministers on 18.06.2025, whether 86 Sub Inspector posts in the closed women's cadre be temporarily redeployed/re-allocated to the Kerala Civil Police cadre

overruling the remarks of Finance Department, subject to the following conditions?

i) The vacancies shall be reported to the Public Service Commission provisionally, subject to the final judgment of the Hon'ble High Court in O.P. (KAT) No. 352/2021.

ii) Appointments to these posts shall be made only subject to the final judgment of the Hon'ble High Court in the said case.

iii) A specific condition shall be incorporated in the appointment orders stating that, in the event the judgment of the Hon'ble High Court in O.P. (KAT) No. 352/2021 is adverse to the Government, the appointments so made shall stand liable to cancellation.

iv) Promotions arising in the said posts through redeployment shall also be effected only subject to the final judgment of the Hon'ble High Court in O.P. (KAT) No. 352/2021.

**കേരള സർക്കാർ**
**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**
**മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽനമ്പർ | പി4/152/2023/ആഭ്യന്തരം |
| 2 | വകുപ്പ് | ആഭ്യന്തര (പി) വകുപ്പ് |
| 3 | വിഷയം | ക്ലോസ്ഡ് വനിതാ പോലീസ് കേഡറിലെ 86 സബ് ഇൻസ്പെക്ടർ തസ്തികകൾ താൽക്കാലികമായി പുനർവിന്യാസം ചെയ്ത് (Temporary redeployment/Re-allocation) കേരള സിവിൽ പോലീസ് കേഡറിലേയ്ക്ക് മാറ്റുന്നത് -സംബന്ധിച്ച് |
| 4 | മന്ത്രിസഭായോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 20/02/2026 |
| 5 | (i)ഇത് സാമ്പത്തികബാധ്യതയുള്ളതാണോ? | അതെ |
| | (ii)സാമ്പത്തികബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | സംഗീത ടി എസ് |
| 8 | കുറിപ്പ് അംഗീകരിച്ച അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേര് | ബിശ്വനാഥ് സിൻഹ |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 02/3/26 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ. എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 2-3-26 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | പിണറായി വിജയൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 4.3.26 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 4.3.26 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

\

## മന്ത്രിസഭാ യോഗത്തിനുള്ള കരട് കുറിപ്പ് (കരട്)

ക്ലോസ്ഡ് വനിതാ പോലീസ് കേഡറിലെ 86 സബ് ഇൻസ്പെക്ടർ തസ്തികകൾ താൽക്കാലികമായി പുനർവിന്യാസം ചെയ്ത് (Temporary redeployment/Re-allocation) കേരള സിവിൽ പോലീസ് കേഡറിലേയ്ക്ക് മാറ്റുന്നത് സംബന്ധിച്ചാണ് ഈ കുറിപ്പ്.

2. 12.08.2005 തീയതിയിലെ സ.ഉ.(കൈ).നം.240/2005/ആഭ്യന്തരം പ്രകാരം വനിതാ പോലീസ് ഉദ്യോഗസ്ഥരെ 25/08/1995 തീയതി മുൻകാല പ്രാബല്യത്തിൽ പോലീസ് സേനയുമായി സംയോജിപ്പിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

3. ഇതോടെ 1995 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥർ "ക്ലോസ്ഡ് കേഡർ" എന്ന നിലയിൽ തുടരുന്ന സാഹചര്യം ഉണ്ടായി. ഈ കേഡറിലെ ഉദ്യോഗസ്ഥർ റിട്ടയർ ചെയ്തതോടെ പ്രമോഷൻ തസ്തികകളിൽ ഒഴിവ് വന്നു. ഈ സാഹചര്യത്തിൽ പ്രസ്തുത കേഡറിലെ തസ്തികകൾ ജനറൽ പൂളിലേക്ക് (നിലവിൽ കേരള സിവിൽ പോലീസ് കേഡർ) സംയോജിപ്പിച്ച് 23-05-2008 തീയതിയിലെ സ.ഉ.(സാധാ) നം. 1622/2008/ആഭ്യന്തരം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

4. 12-08-2005 തീയതിയിലെ സ.ഉ.(കൈ) നം.240/2005/ആഭ്യന്തരം ഉത്തരവിന്റെ മുൻകാല പ്രാബല്യം സംബന്ധിച്ച് തർക്കം ഉന്നയിച്ച് 1995-2005 കാലഘട്ടത്തിൽ സർവീസിൽ പ്രവേശിച്ച വനിതാ പോലീസ് ഉദ്യോഗസ്ഥരായ ശ്രീമതി.സുനിത മുതൽ പേർ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ TA-2035/2012(W.P(C) 30746/2005) നമ്പരായി കേസ് ഫയൽ ചെയ്തു. ക്ലോസ്ഡ് കേഡറിൽ നിന്നും കെ.സി.പി. യിലേക്ക് സംയോജിപ്പിക്കുന്ന ഉയർന്ന തസ്തികകളിൽ തങ്ങൾക്കും സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതായി ഇവർ വാദം ഉന്നയിച്ചു. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ 30.11.2018 തീയതിയിലെ ഉത്തരവിലൂടെ 12.08.2005-ലെ സ.ഉ.(കൈ) നം.240/2005/ആഭ്യന്തരം, 23.05.2008 തീയതിയിലെ സ.ഉ.(സാധാ) നം. 1622/2008/ആഭ്യന്തരം എന്നീ സർക്കാർ ഉത്തരവുകൾ റദ്ദ് ചെയ്തു. ഇതിനെതിരെ സർക്കാർ ഫയൽ ചെയ്ത OP (KAT) 352/2021 ൽ അന്തിമ ഉത്തരവ് ഇതുവരെ ആയിട്ടില്ല.

5. കേരള സിവിൽ പോലീസ് കേഡറിൽ ആവശ്യമായ ഉദ്യോഗസ്ഥർ ഇല്ലാത്തതും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ പരിമിതികളുണ്ടെന്നതിനാലും പോലീസ് സബ് ഇൻസ്പെക്ടർ തസ്തികകൾ അത്യന്താപേക്ഷിതമായതിനാൽ ക്ലോസ്ഡ് കേഡറിലെ ഒഴിഞ്ഞു കിടക്കുന്ന 86 സബ് ഇൻസ്പെക്ടർ തസ്തികകൾ

കെ.സി.പി. യിലേക്ക് സംയോജിപ്പിക്കുന്നതിന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിരുന്നു. 1995-ന് മുമ്പ് റിക്രൂട്ട് ചെയ്യപ്പെട്ട വനിതാ പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ നിലവിൽ ഹെഡ് കോൺസ്റ്റബിൾ, പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഇല്ല എന്നും സബ് ഇൻസ്പെക്ടർ, ഇൻസ്പെക്ടർ ഓഫ് പോലീസ്, ഡെപ്യൂട്ടി സൂപ്രണ്ട് ഓഫ് പോലീസ് തസ്തികകളിൽ നിലവിലുള്ള വനിതാ ഉദ്യോഗസ്ഥർ സമീപ വർഷങ്ങളിൽ റിട്ടയർ ചെയ്യുന്നതാണെന്നും സംസ്ഥാന പോലീസ് മേധാവി അറിയിച്ചിട്ടുണ്ട്.

6. ഈ വിഷയത്തിൽ ധനകാര്യവകുപ്പ് ചുവടെ ചേർക്കുന്ന അഭിപ്രായം അറിയിച്ചിട്ടുണ്ട്.

*"AD is informed that the proposal for creation of posts in KCP in lieu of the WSI posts in the closed cadre cannot be agreed due to the double reason that the impugned order pending to be implemented for want of final verdict in OP(KAT) is that all the WPCs recruited in the Battalion before 12.08.2005 (the date of integration order of Women Police) are entitled to be considered for promotion/transfer to the post of women police existing as on that day, and the other reason that Finance Department's inability to concur with new post creation is the new expenditure on account of post creation and on that account conversion of long vacant posts to new posts and making appointment to such new posts will have the same effect of new post creation. In order to obviate such practices Finance Department have issued GO(P)No.1208/2001/Fin dated:22.10.2001 (attached below) which prescribes that the posts vacant more than one year shall be deemed as abolished."*

A

7. മേൽ വിഷയത്തിൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പ് താഴെപ്പറയും പ്രകാരം അഭിപ്രായപ്പെട്ടു:-

*"കെ.എസ്.&എസ്.എസ്.ആർ. ഭാഗം II ചട്ടം 5 (a) പ്രകാരം നേരിട്ടുള്ള നിയമനം പെർമനന്റ് കേഡറിലുണ്ടാകുന്ന സബ്സ്റ്റാന്റീവ് ഒഴിവുകളിലാണ് നടത്താനാകുന്നത്. ഈ കേസിൽ റിപ്പോർട്ട് ചെയ്യാനുദ്ദേശിക്കുന്ന ഒഴിവുകൾ പെർമനന്റ് കേഡറിലേയ്ക്ക് ഉൾപ്പെടുത്തുന്നതിൽ തീരുമാനമായിട്ടില്ല. കൂടാതെ, ഒഴിവുകൾ പ്രൊവിഷണലായി പബ്ലിക് സർവീസ് കമ്മീഷന് റിപ്പോർട്ട് ചെയ്യുന്ന സാഹചര്യമുണ്ടാകുന്നത് ബഹു. ട്രൈബ്യൂണൽ/ബഹു. കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ്. ഈ കേസിൽ അത്തരം ഉത്തരവുകളുള്ളതായി കാണുന്നില്ല. ഈ സാഹചര്യത്തിൽ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ട പ്രകാരം, ബഹു.ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള OP(KAT)No-352/2021-ലെ തീരുമാനമനുസരിച്ച് ഈ വിഷയം പരിഗണിക്കുന്നതാണ് ഉചിതമെന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."*

8. 2005-ൽ വനിതാ പോലീസ് കേഡറിനെ കേരള സിവിൽ പോലീസ് കേഡറുമായി (കെസിപി) സംയോജിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്. അതേസമയം, വനിതാ കേഡറിൽ ലഭ്യമായ 86 തസ്തികകൾ ഇന്റഗ്രേറ്റഡ് കേഡറിലെ മാനവശേഷി കൈമാറ്റം വഴി സൃഷ്ടിക്കുമെന്ന് സർക്കാർ ഉത്തരവിട്ടു. കെ.സി.പി.യിൽ ഇതുവരെ ഈ 86 തസ്തികകൾ സൃഷ്ടിച്ചിട്ടില്ലെന്നും അതനുസരിച്ച് ഈ തസ്തികകളിലേക്ക് നിയമനം നടന്നിട്ടില്ലെന്നും വ്യക്തമാണ്. വകുപ്പിന്റെ കാര്യക്ഷമമായ പ്രവർത്തനത്തിന് ഈ തസ്തികകൾ സൃഷ്ടിക്കുന്നത് അനിവാര്യമാണെന്ന് സംസ്ഥാന പോലീസ് മേധാവി ആവശ്യപ്പെട്ടിട്ടുമുണ്ട്.

9. വനിതാ പോലീസ് കേഡർ നിർത്തലാക്കിയ സർക്കാർ ഉത്തരവുകൾ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ റദ്ദാക്കിയ സാഹചര്യത്തിൽ ഈ 86 തസ്തികകൾ നിയമനം നടത്തുന്നതിനായി നിലവിലുള്ളതാണ്. OP (KAT) 352/2021 ലെ അന്തിമ ഉത്തരവ് സർക്കാരിന് അനുകൂലമായാൽ, ക്ലോസ്ഡ് കേഡറിലെ ഈ 86 തസ്തികകളും സ്വമേധയാ കേരള സിവിൽ പോലീസ് കേഡറിൽ സംയോജിപ്പിക്കപ്പെടും.

10. ക്ലോസ്ഡ് വനിതാ കേഡറിലെ ഉദ്യോഗസ്ഥരെ 25.08.1995 തീയതി മുൻ കാല പ്രാബല്യത്തിൽ പോലീസ് സേനയുമായി സംയോജിപ്പിച്ച 12/08/2005-ലെ സ.ഉ.(കൈ) നം.240/2005/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ്, ക്ലോസ്ഡ് വനിതാ കേഡറിലെ തസ്തികകൾ ജനറൽ പൂളിലേക്ക് (നിലവിൽ കേരള സിവിൽ പോലീസ് കേഡർ) സംയോജിപ്പിച്ച 23-05-2008-ലെ സ.ഉ.(സാധാ) നം.1622/2008/ആഭ്യന്തരം നമ്പർ സർക്കാർ ഉത്തരവ് എന്നിവ റദ്ദ് ചെയ്ത്, ധനകാര്യവകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന് ക്ലോസ്ഡ് വനിതാ കേഡറിലെ 86 സബ് ഇൻസ്പെക്ടർ തസ്തികകൾ കേരള സിവിൽ പോലീസ് കേഡറിൽ സംയോജിപ്പിക്കുന്നത് പരിഗണിക്കാമോ എന്ന വിഷയം ബഹു.മുഖ്യമന്ത്രിയുടെ ഉത്തരവിൻ പ്രകാരം 18-06-2025

തീയതിയിലെ മന്ത്രിസഭായോഗത്തിൽ സമർപ്പിച്ചപ്പോൾ താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

*"ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള അപ്പീലിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കി, നിയമവകുപ്പുമായി കൂടിയാലോചിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്"*.

11. ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള OP (KAT) 352/2021 നമ്പർ കേസ് 04.02.2026 ന് പരിഗണിച്ചിട്ടുള്ളതായും എന്നാൽ അന്തിമ തീർപ്പ് ഉണ്ടായിട്ടില്ല എന്നും അഡ്വക്കേറ്റ് ജനറൽ അറിയിച്ചിട്ടുണ്ട്. 18.06.2025-ലെ മന്ത്രിസഭായോഗത്തിന്റെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, നിയമവകുപ്പ് താഴെപ്പറയുന്ന അഭിപ്രായം അറിയിച്ചിട്ടുണ്ട്.

*"ബഹു.ഹൈക്കോടതിയിൽ OP (KAT) 352/2021 നിലനിൽക്കുന്ന സാഹചര്യത്തിൽ ക്ലോസ്ഡ് വനിതാ പോലീസ് കേഡറിലെ തസ്തികകൾ കേരള സിവിൽ പോലീസ് കേഡറിലേക്ക് സംയോജിപ്പിക്കുന്നതുമായി ബന്ധപ്പെട്ട നിയമോപദേശമാണ് ഭരണവകുപ്പ് തേടിയിരിക്കുന്നത്.*

*കേരള പോലീസ് സേനയിലെ വനിതാ കേഡറിനെ ജനറൽ എക്സിക്യൂട്ടീവ് വിഭാഗവുമായി സംയോജിപ്പിച്ചുകൊണ്ട് 12.08.2005-ൽ സർക്കാർ ഉത്തരവ് (G.O. (Ms) No. 240/2005/Home) പുറപ്പെടുവിച്ചു. 25.08.1995 മുതൽ ഇതിന് മുൻകാല പ്രാബല്യം നൽകുകയും, അതിനുമുമ്പ് നിയമിക്കപ്പെട്ടവരെ 'ക്ലോസ്ഡ് കേഡറിൽ' നിലനിർത്തുകയും ചെയ്തു. തുടർന്ന് 2008-ൽ ഈ കേഡറിലെ തസ്തികകൾ ഒഴിവു വരുന്ന മുറയ്ക്ക് ജനറൽ പൂളിലേക്ക് മാറ്റാൻ തീരുമാനിച്ചു. എന്നാൽ, ഈ മുൻകാല പ്രാബല്യം തങ്ങളുടെ പ്രമോഷൻ സാധ്യതകളെ ബാധിക്കുമെന്ന് കാട്ടി ശ്രീമതി സുനിത എം.കെ. ഉൾപ്പെടെയുള്ളവർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിനെ സമീപിച്ചു*

ക്ലോസ്ഡ് കേഡറിൽ നിന്നും കെ.സി.പി യിലേക്ക് സംയോജിപ്പിക്കുന്ന ഉയർന്ന തസ്തികകളിൽ തങ്ങൾക്കും സ്ഥാനക്കയറ്റത്തിന് അർഹതയുള്ളതായി ഇവർ വാദം ഉന്നയിച്ചു. (TA No. 2035/2012).

30.11.2018-ലെ വിധിയിലൂടെ ട്രൈബ്യൂണൽ സർക്കാരിന്റെ മുൻകാല പ്രാബല്യമുള്ള ഉത്തരവ് റദ്ദാക്കി. സർക്കാരിന്റെ നയപരമായ തീരുമാനങ്ങളിൽ കോടതി സാധാരണ ഇടപെടാറില്ലെങ്കിലും, അത്തരം തീരുമാനങ്ങൾ ഭരണഘടനാ വിരുദ്ധമാകാൻ പാടില്ലെന്ന് ട്രൈബ്യൂണൽ നിരീക്ഷിച്ചു. 12.08.2005-ന് മുമ്പ് നിയമിതരായവർക്ക് അന്നത്തെ തസ്തികകളിൽ പ്രമോഷനും ട്രാൻസ്ഫറിനും അവകാശമുണ്ടെന്ന് ട്രൈബ്യൂണൽ പ്രഖ്യാപിച്ചു.

കേരള സിവിൽ പോലീസ് കേഡറിൽ ആവശ്യമായ ഉദ്യോഗസ്ഥർ ഇല്ലെന്നും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിലവിലെ സാഹചര്യത്തിൽ ധനകാര്യ വകുപ്പ് അനുമതി നൽകുന്നില്ലെന്നും പോലീസ് സബ് ഇൻസ്പെക്ടർ തസ്തികകൾ അത്യന്താപേക്ഷിതമായതിനാൽ ക്ലോസ്ഡ് കേഡറിലെ ഒഴിഞ്ഞു കിടക്കുന്ന 85 സബ് ഇൻസ്പെക്ടർ തസ്തികകൾ കെ.സി.പി യിലേക്ക് സംയോജിപ്പിച്ചുകൊണ്ട് നിയമനം നടത്തുന്നത് സർക്കാർ പരിശോധിച്ചുവരികയാണെന്നും 1995-ന് മുമ്പ് റിക്രൂട്ട് ചെയ്യപ്പെട്ട വനിതാ പോലീസ് ഉദ്യോഗസ്ഥർ ആരും തന്നെ നിലവിൽ ഹെഡ് കോൺസ്റ്റബിൾ, പോലീസ് കോൺസ്റ്റബിൾ തസ്തികയിൽ ഇല്ല എന്നുള്ള വിവരം സംസ്ഥാന പോലീസ് മേധാവി വ്യക്തമാക്കിയിട്ടുള്ളതും സബ് ഇൻസ്പെക്ടർ, ഇൻസ്പെക്ടർ, ഡെപ്യൂട്ടി സൂപ്രണ്ട് തസ്തികകളിൽ നിലവിലുള്ള വനിതാ ഉദ്യോഗസ്ഥർ സമീപ വർഷങ്ങളിൽ റിട്ടയർ ചെയ്യുന്നതാണെന്നെതും കണക്കിലെടുത്ത് ബഹു. കേരളാ അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിനെതിരെ ബഹു. കേരള സർക്കാർ ബഹു.ഹൈക്കോടതിയിൽ അപ്പീൽ ഫയൽ ചെയ്തിട്ടുണ്ട്.(OP(KAT)No-352/2021).

Union of India v. Hemraj Singh Chauhan (2010) 4 SCC 290 കേസിൽ സുപ്രീം കോടതി വ്യക്തമാക്കിയതുപോലെ, പ്രമോഷനായി പരിഗണിക്കപ്പെടുക എന്നത് ആർട്ടിക്കിൾ 16 പ്രകാരമുള്ള മൗലികാവകാശമാണ്. നിലവിലുള്ള സേവന വ്യവസ്ഥകളെ ദോഷകരമായി ബാധിക്കുന്ന തരത്തിൽ

*ഭരണപരമായ ഉത്തരവുകൾക്ക് മുൻകാല പ്രാബല്യം നൽകുന്നത് നിയമപരമായി നിലനിൽക്കില്ല*

*ട്രൈബ്യൂണൽ വിധി ചോദ്യം ചെയ്തുകൊണ്ട് സർക്കാർ സമർപ്പിച്ച അപ്പീൽ (OP(KAT) No. 352/2021) ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. എന്നാൽ ഹൈക്കോടതി ട്രൈബ്യൂണൽ വിധി സ്റ്റേ ചെയ്തിട്ടില്ല, കോടതിയലക്ഷ്യ നടപടികൾ മാത്രമാണ് തടഞ്ഞിട്ടുള്ളത്. ഈ സാഹചര്യത്തിൽ, ക്ലോസ്ഡ് കേഡറിലെ 85 സബ് ഇൻസ്പെക്ടർ തസ്തികകൾ റദ്ദാക്കാതെ താൽക്കാലികമായി പുനർവിന്യാസം ചെയ്ത് (Temporary redeployment/Re-allocation) കെ.സി.പി.യിലേക്ക് മാറ്റുന്നത് നിയമപരമായ സുരക്ഷിതത്വം നൽകും. കൂടാതെ വനിത കേഡറിലെ റിട്ടയർമെന്റ് സംബന്ധിച്ച സ്റ്റേറ്റ് പോലീസ് മേധാവിയുടെ റിപ്പോർട്ട് കോടതിയുടെ ശ്രദ്ധയിൽ പെടുത്തുന്നത് സർക്കാരിന് അനുകൂലമായ വിധി സമ്പാദിക്കാൻ സഹായിക്കും*

*അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം, ഹൈക്കോടതിയിലെ അന്തിമ വിധിക്ക് വിധേയമായി (Subject to the final outcome of OP(KAT) No. 352/2021) മാത്രം ഈ ഒഴിവുകൾ പ്രൊവിഷണലായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. ഈ തസ്തികകളിൽ നിയമനം നടത്തുമ്പോൾ, പ്രസ്തുത നിയമനം ഹൈക്കോടതി വിധിക്ക് വിധേയമായിരിക്കുമെന്നും വിധി സർക്കാരിന് എതിരാണെങ്കിൽ നിയമനം റദ്ദാക്കപ്പെടുമെന്നുമുള്ള നിബന്ധന നിയമന ഉത്തരവിൽ (Appointment Order) വ്യക്തമായി ഉൾപ്പെടുത്തണം. ഭരണപരമായ അനിവാര്യതയും (Administrative Exigency) പോലീസ് സേനയിലെ ഉദ്യോഗസ്ഥ ക്ഷാമവും പരിഗണിച്ച്, ഹൈക്കോടതിയിലെ കേസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കിക്കൊണ്ട് മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെ മാത്രം തുടർനടപടികൾ സ്വീകരിക്കുന്നതാണ് ഉചിതം എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."*

12. ക്ലോസ്ഡ് കേഡറിലെ 86 സബ് ഇൻസ്പെക്ടർ തസ്തികകൾ റദ്ദാക്കാതെ താൽക്കാലികമായി പുനർവിന്യാസം ചെയ്ത് (Temporary redeployment/Re-allocation) കെ.സി.പി.യിലേക്ക് മാറ്റുന്നത് നിയമപരമായ

സുരക്ഷിതത്വം നൽകുമെന്നും, വനിത കേഡറിലെ റിട്ടയർമെന്റ് സംബന്ധിച്ച സ്റ്റേറ്റ് പോലീസ് മേധാവിയുടെ റിപ്പോർട്ട് കോടതിയുടെ ശ്രദ്ധയിൽ പെടുത്തുന്നത് സർക്കാരിന് അനുകൂലമായ വിധി സമ്പാദിക്കാൻ സഹായിക്കും എന്നും നിയമ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുള്ള സാഹചര്യത്തിൽ, 18/06/2025-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ധനകാര്യ വകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന്, താഴെപ്പറയുന്ന വ്യവസ്ഥകളോടെ, ക്ലോസ്ഡ് വനിതാ കേഡറിലെ 86 സബ് ഇൻസ്പെക്ടർ തസ്തികകൾ കേരള സിവിൽ പോലീസ് കേഡറിലേയ്ക്ക് പുനർവിന്യാസം ചെയ്യുന്നത് സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിയ്ക്കാമോ എന്നതിൽ ഉത്തരവിനായി ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ചപ്പോൾ, പ്രസ്തുത വിഷയം മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ഉത്തരവായി.

I) OP(KAT) No. 352/2021-ൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി ഈ ഒഴിവുകൾ പ്രൊവിഷണലായി കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്

ii) OP(KAT) No. 352/2021-ൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമായിരിക്കും ഈ തസ്തികകളിലെ നിയമനം,

iii) OP(KAT) No. 352/2021-ൽ ബഹു. ഹൈക്കോടതി വിധി സർക്കാരിന്

എതിരാകുന്ന പക്ഷം പ്രസ്തുത നിയമനം റദ്ദാക്കപ്പെടുമെന്നുള്ള നിബന്ധന നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

iv) OP(KAT).No. 352/2021-ലെ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമായിരിക്കും പുനർവിന്യാസം മുഖേന പ്രസ്തുത പോസ്റ്റുകളിൽ ഉണ്ടാകുന്ന പ്രൊമോഷനുകൾ നടത്തേണ്ടത്.

13. മന്ത്രിസഭായോഗത്തിനുള്ള കരട് സഹിതം ഫയൽ സമർപ്പിച്ചപ്പോൾ ചീഫ് സെക്രട്ടറി താഴെപ്പറയുന്ന അഭിപ്രായം രേഖപ്പെടുത്തി:-

“8-06-2025 തീയതിയിലെ മന്ത്രിസഭായോഗത്തിൽ സമർപ്പിച്ചപ്പോൾ താഴെപ്പറയും പ്രകാരം തീരുമാനം കൈക്കൊണ്ടിരുന്നു.

***"ബഹു. ഹൈക്കോടതിയിൽ നിലവിലുള്ള അപ്പീലിന്റെ നിലവിലെ സ്ഥിതി ലഭ്യമാക്കി, നിയമവകുപ്പുമായി കൂടിയാലോചിച്ച ശേഷം പുതുക്കിയ കുറിപ്പുകൾ മന്ത്രിസഭായോഗം മുമ്പാകെ കൊണ്ടുവരേണ്ടതാണ്"***.

ഇത് സംബന്ധിച്ച് നിയമ വകുപ്പ് നൽകിയിട്ടുള്ള അഭിപ്രായത്തിന്റെ പ്രസക്ത ഭാഗം ചുവടെ ചേർക്കുന്നു

"ട്രൈബ്യൂണൽ വിധി ചോദ്യം ചെയ്തുകൊണ്ട് സർക്കാർ സമർപ്പിച്ച അപ്പീൽ (OP(KAT) No. 352/2021) ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. എന്നാൽ ഹൈക്കോടതി ട്രൈബ്യൂണൽ വിധി സ്റ്റേ ചെയ്തിട്ടില്ല, കോടതിയലക്ഷ്യ നടപടികൾ മാത്രമാണ് തടഞ്ഞിട്ടുള്ളത്. ഈ സാഹചര്യത്തിൽ, ക്ലോസ്ഡ് കേഡറിലെ 85 സബ് ഇൻസ്പെക്ടർ തസ്തികകൾ റദ്ദാക്കാതെ താൽക്കാലികമായി പുനർവിന്യാസം ചെയ്ത് (Temporary redeployment/Re-allocation) കെ.സി.പി.യിലേക്ക് മാറ്റുന്നത്

നിയമപരമായ സുരക്ഷിതത്വം നൽകും. കൂടാതെ വനിത കേഡറിലെ റിട്ടയർമെന്റ് സംബന്ധിച്ച സ്റ്റേറ്റ് പോലീസ് മേധാവിയുടെ റിപ്പോർട്ട് കോടതിയുടെ ശ്രദ്ധയിൽ പെടുത്തുന്നത് സർക്കാരിന് അനുകൂലമായ വിധി സമ്പാദിക്കാൻ സഹായിക്കും."

അഡ്വക്കേറ്റ് ജനറലിന്റെ നിയമോപദേശപ്രകാരം, ഹൈക്കോടതിയിലെ അന്തിമ വിധിക്ക് വിധേയമായി (Subject to the final outcome of OP(KAT) No. 352/2021) മാത്രം ഈ ഒഴിവുകൾ പ്രൊവിഷണലായി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാവുന്നതാണ്. **ഈ തസ്തികകളിൽ നിയമനം നടത്തുമ്പോൾ, പ്രസ്തുത നിയമനം ഹൈക്കോടതി വിധിക്ക് വിധേയമായിരിക്കുമെന്നും വിധി സർക്കാരിന് എതിരാണെങ്കിൽ നിയമനം റദ്ദാക്കപ്പെടുമെന്നുമുള്ള നിബന്ധന നിയമന ഉത്തരവിൽ (Appointment Order) വ്യക്തമായി ഉൾപ്പെടുത്തണം.** ഭരണപരമായ അനിവാര്യതയും (Administrative Exigency) പോലീസ് സേനയിലെ ഉദ്യോഗസ്ഥ ക്ഷാമവും പരിഗണിച്ച്, ഹൈക്കോടതിയിലെ കേസിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കിക്കൊണ്ട് മന്ത്രിസഭയുടെ പ്രത്യേക അനുമതിയോടെ മാത്രം തുടർനടപടികൾ സ്വീകരിക്കുന്നതാണ് ഉചിതം എന്ന് ഭരണവകുപ്പിനെ അറിയിക്കുന്നു."

നിയമ വകുപ്പിന്റെ മേൽ അഭിപ്രായത്തിൽ നിന്നും ഈ ഒഴിവുകൾ പ്രൊവിഷണലായി മാത്രമേ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുകയുള്ളൂ എന്ന് കാണുന്നു . ഈ തസ്തികകളിൽ നിയമനം നടത്തുമ്പോൾ, പ്രസ്തുത നിയമനം ഹൈക്കോടതി വിധിക്ക് വിധേയമായിരിക്കുമെന്നും വിധി സർക്കാരിന് എതിരാണെങ്കിൽ നിയമനം റദ്ദാക്കപ്പെടുമെന്നുമുള്ള നിബന്ധന നിയമന ഉത്തരവിൽ (Appointment Order) വ്യക്തമായി ഉൾപ്പെടുത്തണം എന്നും പറയുന്നുണ്ട് . PSC വഴിയുള്ള നിയമനമായതിനാൽ മേൽ നിബന്ധനകളോടെ നിയമന ഉത്തരവ് നല്കാൻ കഴിയുമോ എന്നതിൽ PSC യുടെ അഭിപ്രായം ലഭ്യമാക്കിയിട്ടില്ല . ഇത്തരത്തിലുള്ള ഒഴിവുകളിലേക്ക് നിയമനം നടത്തുകയും ഭാവിയിൽ റദ്ധാക്കപ്പെടുകയും ചെയ്താൽ സ്വീകരിക്കേണ്ട ബദൽ മാർഗ്ഗങ്ങളെ കുറിച്ച് കൂടി മന്ത്രിസഭാ യോഗം മുൻകൂട്ടി തീരുമാനിച്ചില്ലെങ്കിൽ കൂടുതൽ

നിയമപ്രശ്നങ്ങൾക്കു ഇടയാക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെടുത്തികൊണ്ടു മന്ത്രി സഭ യോഗത്തിനുള്ള കുറിപ്പ് ബഹു മുഖ്യമന്ത്രിക്ക് സമർപ്പിക്കുന്നു."

**തീരുമാനിക്കേണ്ട വിഷയം**

മേൽ സാഹചര്യത്തിൽ, 18/06/2025-ലെ മന്ത്രിസഭാ യോഗതീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, താഴെപ്പറയുന്ന വ്യവസ്ഥകൾ പ്രകാരം, ധനകാര്യവകുപ്പിന്റെ അഭിപ്രായത്തെ മറികടന്ന്, ക്ലോസ്ഡ് വനിതാ കേഡറിലെ 86 സബ് ഇൻസ്പെക്ടർ തസ്തികകൾ കേരള സിവിൽ പോലീസ് കേഡറിലേയ്ക്ക് താൽക്കാലികമായി പുനർവിന്യാസം (Temporary redeployment/Re-allocation) ചെയ്യാമോ?

I) OP(KAT) No. 352/2021-ൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി ഈ ഒഴിവുകൾ പ്രൊവിഷണലായി കണക്കാക്കി പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്

ii) OP(KAT) No. 352/2021-ൽ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമായിരിക്കും ഈ തസ്തികകളിലെ നിയമനം,

iii) OP(KAT) No. 352/2021-ൽ ബഹു. ഹൈക്കോടതി വിധി സർക്കാരിന് എതിരാകുന്ന പക്ഷം പ്രസ്തുത നിയമനം റദ്ദാക്കപ്പെടുമെന്നുള്ള നിബന്ധന നിയമന ഉത്തരവിൽ ഉൾപ്പെടുത്തേണ്ടതാണ്.

iv) OP(KAT).No. 352/2021-ലെ ബഹു. ഹൈക്കോടതിയുടെ അന്തിമ വിധിക്ക് വിധേയമായി മാത്രമായിരിക്കും പുനർവിന്യാസം മുഖേന പ്രസ്തുത പോസ്റ്റുകളിൽ ഉണ്ടാകുന്ന പ്രൊമോഷനുകൾ നടത്തേണ്ടത്.

02.03.26

2/3/26.

02.03.26

2/3/26

2.3.26